(സി) മേല്പറഞ്ഞ 35 ഏക്കർ സ്ഥലം 70 സെന്റു വീതം 50 കുടുംബങ്ങൾക്കു് വീതിച്ചുകൊടുക്കുവാൻ ഉത്തരവായിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത ഓർഡറിന്റെ കാപ്പി മേശപ്പുറത്തുവയ്ക്കുമോ ;

(ഡി) പ്രസ്തുത 35 ഏക്കർ സ്ഥലം സർവ്വെ ഡിപ്പാർട്ടുമെൻറിൽനിന്നും സർവ്വെചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ സർവ്വെ ഫൈനലായോ;

(ഈ) സർവ്വെഫൈനലായ വിവരത്തിനു് ഏതെങ്കിലും ഉത്തരവു പാസ്സാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ കാപ്പി മേശപ്പുറത്തുവയ്ക്കുമോ ?

ഉത്തരം

(എ,ബി) 17–11–38-ലെ കല്പനയുടെ പകർപ്പു് മേശപ്പുറത്തുവച്ചിട്ടുണ്ടു് ‡

(സി) ചോദ്യത്തിലുന്നയിച്ചമാതിരി ഒരു ഉത്തരവുള്ളതായി അറിവില്ല.

(ഡി,ഈ) മുകളിൽ പറഞ്ഞിട്ടുള്ള സർവ്വെനമ്പരുകളിലെ മൊത്തം വിസ്തീർണ്ണം സർവ്വെചെയ്തു റിക്കാർഡു ഫൈനലായിട്ടുണ്ടു്. 35 ഏക്കർ പ്രത്യേകം സർവ്വെ ചെയ്തിട്ടില്ല.

കാശ്രുവച്ചു ചീട്ടുകളി

192. [3] ശ്രീ. പി.സി. ആദിച്ചൻ : താഴെകാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഓരോ പോലീസ് സ്റ്റേഷൻ അതിർത്തിയിലും കാശ്രുവച്ചു് ചീട്ടുകളിക്കുന്നതു നിറുത്തൽചെയ്യുന്നതിനു കർശനമായ എന്തു നടപടിയാണു് സ്വീകരിച്ചിട്ടുള്ളതു് ;

(ബി) ഓരോ പോലീസ് സ്റ്റേഷൻ അതിർത്തിയിലും ഡിസംബർ അവസാനംവരെ എത്ര കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടു് ;

(സി) കൊട്ടാരക്കര താലൂക്കിൽ കുളക്കട വില്ലേജിൽ പലസ്ഥലത്തും കാശ്രുവച്ചു ചീട്ടുകളി നിത്യമെന്നോണം നടക്കുന്നതിനെപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അന്വേഷിക്കുകയും, അതുതടയുകയും ചെയ്യുന്നതിനു് നടപടി എടുക്കുമോ ?

ഉത്തരം.

(എ) ഓരോ പോലീസ് സ്റ്റേഷൻ അതിർത്തിയിലും കാശ്രുവച്ചുള്ള ചീട്ടുകളി നടക്കുന്നു എന്നു സംശയമുള്ള പ്രദേശങ്ങളിൽ മിന്നൽ പരിശോധനയെന്നപോലെയും എന്നീ പ്രത്യേക നടപടികളും സ്വീകരിക്കുന്നുണ്ടു്.

(ബി) 1-4-63-നും 31–12–63-നും ഇടയ്ക്കു് കേരളത്തിൽ ആകെ 719 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ടു്. വിശദവിവരങ്ങളും അടങ്ങുന്ന ഒരു പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ടു്.*

(സി) അങ്ങിനെ ഒരു പരാതിയോ വിവരമോ ലഭിക്കാത്തതുകൊണ്ടു് അന്വേഷണം നടത്തുകയുണ്ടായില്ല.

(ഡി) ഇതിനെപ്പറ്റിഅന്വേഷിച്ചു നിയമപരമായവേണ്ട നടപടികളും എടുക്കുന്നതാണു്.

‡ Appendix XV

* Placed in the Library.

LIBRARY ARCHIVES Kerala Legislative Assembly